പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 855

03/12/2014-ൽ
മറുപടിയ്ക്ക്

<u>ശബരിമലയിലെ മാലിന്യനിർമ്മാർജ്ജനം</u>

<u>ചോദ്യം</u>

<u>ഉത്തരം</u>

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മാലിന്യ നിർമ്മാർജ്ജനത്തിനു വേണ്ടി എന്തെല്ലാം മുൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശബരിമല ദർശനത്തിനായി എത്തുന്ന ലക്ഷക്കണക്കിന് അയ്യപ്പ ഭക്തന്മാർക്ക് ശുചിത്വ പൂർണ്ണമായ അന്തരീക്ഷം നിലനിർത്തുന്നതിനായി സീറോവേസ്റ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി തീർത്ഥാടന കാലം ആരംഭിക്കുന്നതിന് തൊട്ടുമുൻപുതന്നെ മാതാ അമൃതാനന്ദമയീ മഠം, സത്യസായി സേവാ സമിതി, അഖില ഭാരത അയ്യപ്പസേവാ സംഘം, ശബരിമല സാനിറ്റേഷൻ സൊസൈറ്റി, നാഷണൽ സർവ്വീസ് സ്കീം, വന സംരക്ഷണ സമിതി, തുടങ്ങിയ സന്നദ്ധ സംഘടനകളെയും വിവിധ വകുപ്പുകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. പമ്പയിൽ പഴയ ടോയ്‌ലറ്റ് ബ്ലോക്കിന് പകരമായി പുനർനിർമ്മിച്ച രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകൾ (ഓരോ ബ്ലോക്കിലും 84 ടോയ്‌ലറ്റ്), ശബരിമലയിൽ 120 യൂണിറ്റ് ടോയ്‌ലറ്റുകളും 34 കുളിമുറികളും, മലകയറി വരുന്ന തീർത്ഥാടകർക്കും ദർശനം കഴിഞ്ഞ് മല ഇറങ്ങുന്ന തീർത്ഥാടകർക്കും സൗകര്യപ്രദമായി ഉപയോഗിക്കാവുന്ന രീതിയിലുള്ള 48 ബയോ യൂറിനൽ യൂണിറ്റുകൾ, പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻറോഡിലും ചന്ദ്രാനന്ദൻ റോഡിലും 10 യൂണിറ്റുകളുള്ള ബയോ ടോയ്‌ലറ്റുകൾ എന്നിവയും സജ്ജീകരിച്ചിരിക്കുന്നു. പമ്പയിൽ 3 ഇൻസിനേറ്ററുകളും നിലയ്ക്കലിൽ മണിക്കൂറിൽ 400 കിലോഗ്രാം കപ്പാസിറ്റിയുള്ള രണ്ട് ഇൻസിനേറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. നിലയ്ക്കലും പമ്പയിലും സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സന്നിധാനത്ത് സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൻെറ പ്രവർത്തനം ഡിസംബറിൽ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ